LIBRARY ARCHIVES Kerala Legislative Assembly

## ഹാൻഡ്‌ലൂം ഉൽപ്പന്നങ്ങളുടെ റിബേറ്റ്

31 [2158] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയെ സംരക്ഷിക്കുവാൻ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) ഹാൻഡ്‌ലൂം കോർപ്പറേഷൻ ലാഭത്തിലാക്കുവാൻ എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;

(സി) ഹാൻഡ്‌ലൂം ഉൽപ്പന്നങ്ങളുടെ റിബേറ്റ് നിർത്തലാക്കുവാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) റിബേറ്റ് പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കാമോ;

(ഇ) ഹാൻഡ്‌ലൂം ഉൽപ്പന്നങ്ങൾ സംസ്ഥാനത്തെ റേഷൻകടകൾ വഴി വിറ്റഴിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ദീൻദയാൽ കൈത്തറി വികസന പദ്ധതിപ്രകാരം ഹാൻവീവ് പുനരുദ്ധരിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്.

(സി—ഡി) റിബേറ്റ് പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല.

(ഇ—എഫ്) ഈ നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## കൈത്തറി നെയ്ത്തുകാരെക്കുറിച്ച് ഒരു സർവ്വേ

32 [2159] ശ്രീ. ലൂഡി ലൂയിസ്:

,, വർക്കല കഹാർ:

,, ഇ. എം. അഗസ്തി:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള കൈത്തറി നെയ്ത്തുകാരെക്കുറിച്ച് ഒരു സർവ്വെ നടത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് സർവ്വേയ്ക്ക് വിധേയമായത്;

(സി) സംസ്ഥാനത്ത് കൈത്തറി മേഖലയിൽ എത്ര കൈത്തറി നെയ്ത്തുകാരുണ്ട്;

---

†അനുബന്ധം III

(ഡി) സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള കൈത്തറി നെയ്ത്തുകാരെത്ര;

(ഇ) സഹകാര്യ സ്ഥാപനങ്ങളിൽ പണിചെയ്യുന്ന കൈത്തറി നെയ്ത്തു കാരെത്രയുണ്ട്;

(എഫ്) സംസ്ഥാനത്ത് കൈത്തറി തുണി ഉണ്ടാക്കുന്ന തറികളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ എത്ര തറികളുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർവ്വേ നടത്തിവരുന്നു.

(ബി) കൈത്തറി മേഖലയിലെ വിവിധ തരത്തിലുള്ള വികസന പ്രവർത്ത നങ്ങൾമൂലം കൈത്തറി തൊഴിലാളികൾക്ക് ലഭ്യമായ സാമൂഹികവും സാമ്പത്തിക വുമായ അഭിവൃദ്ധി മനസ്സിലാക്കുക, കൈത്തറി മേഖലയിൽ പണിയെടുക്കാത്ത നെയ്ത്തുകാരുടെ എണ്ണം, തറികളുടെ എണ്ണം, തറികളുടെ ഇനം, തറികളുടെ ഉടമസ്ഥത, ഉൽപ്പാദനം, നൂലിന്റെ ഉപയോഗം, റിബേറ്റ് വിൽപ്പന, നോൺറിബേറ്റ് വിൽപ്പന, കയറ്റുമതി വിൽപ്പന, കൂലി മുതലായവയെക്കുറിച്ചുള്ള പഠനം, ഓരോ സംഘത്തിനും വിവിധ പദ്ധതിയിലൂടെ ലഭിച്ച സാമ്പത്തിക സഹായം, നെയ്ത്തു തൊഴിലാളികൾ കൈത്തറി മേഖല വിട്ട് മറ്റു മേഖലകളിൽ പോകുന്നുണ്ടെങ്കിൽ അതിനുള്ള കാരണം, തൊഴിൽ രഹിതരെ ഈ മേഖലകളിൽ കൊണ്ടുവരുവാനുള്ള സാദ്ധ്യത എന്നിവ വിലയിരുത്തുക, നബാർഡ്, ജില്ലാ സഹകരണ ബാങ്കുകൾ, എന്നിവിടങ്ങളിൽനിന്നും പ്രവർത്തനമൂലധനത്തിനുള്ള ഫണ്ടിന്റെ ലഭ്യതയെക്കു റിച്ചും ഹാന്റ്ക്സ്, ഹാൻവീവ് എന്നിവിടങ്ങളിൽ സർക്കാർ ഫണ്ടുകൾ കെട്ടിക്കിട ക്കുന്നതുമൂലം പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും പഠനം നടത്തുക എന്നിവയാണ് കൈത്തറി സർവ്വേയ്ക്ക് വിധേയമാക്കുന്നത്.

(സി—ഇ) കേരളത്തിൽ കൈത്തറി നെയ്ത്തു വ്യവസായവുമായി ബന്ധപ്പെട്ട് പ്രത്യക്ഷവും പരോക്ഷവുമായി 175,000 തൊഴിലാളികൾ പണിയെടുക്കുന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 30,000 തൊഴിലാളികൾ സഹകാര്യമേഖലയിലും ഒറ്റത്തറിക്കാരുമാണ്.

(എഫ്—ജി) ഉണ്ട്. സംസ്ഥാനത്ത് ഉദ്ദേശം 57,910 തറികൾ ഉള്ളതായി കണ ക്കാക്കിയിട്ടുണ്ട്.

കണ്ണൂർ സ്പിന്നിംഗ് മില്ലിന്റെ വികസനത്തിന് നടപടി

33 [2160] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സ്പിന്നിംഗ് മില്ലിന്റെ വികസനത്തിന് സർക്കാർ സ്വീകരിച്ചി ട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിലാളികൾക്ക് പൂർണ്ണമായ ജോലിയും ശമ്പളവും നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly